# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:14.10.2026**

## പ്രധാനവാർത്തകൾ

1. **ദേശീയ സാമൂഹിക സുരക്ഷാ പദ്ധതി അടുത്ത അഞ്ച് വർഷത്തേക്ക് കൂടി തുടരുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.**

2. **കേരള മാരിടൈം ബോർഡ് ഭേദഗതി ബിൽ സഭയിൽ അവതരിപ്പിച്ച് മുഖ്യമന്ത്രി വി ഡി സതീശൻ. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.**

3. **വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി സംസ്ഥാനത്ത് നാളെ മുതൽ പ്രത്യേക യജ്ഞം ആരംഭിക്കും.**

4. **പാരമ്പര്യ നെൽവിത്ത് സംരക്ഷകൻ പത്മശ്രീ ചെറുവയൽ രാമൻ അന്തരിച്ചു. അനുശോചിച്ച് മുഖ്യമന്ത്രി വി ഡി സതീശൻ.**

5. **സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തിപ്രാപിക്കും. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത.**

RNU TVPM

6. ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. .

*************************

## കേന്ദ്ര മന്ത്രിസഭ

ദേശീയ സാമൂഹിക സുരക്ഷാ പദ്ധതി അടുത്ത അഞ്ച് വർഷത്തേക്ക് കൂടി തുടരുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി 53,428 കോടി രൂപയും അനുവദിച്ചു. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവാണ് മന്ത്രിസഭ യോഗതീരുമാനങ്ങൾ വിശദീകരിച്ചത്. 11 ലക്ഷത്തിലധികം റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ 'പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ്' നൽകാനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഭിന്നശേഷി പെൻഷൻ ജനനം മുതൽ ബാധകമാക്കിയതിന് പുറമേ, പിഎം സാമാജിക് സഹായ യോജനയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട അംഗപരിമിതിയുടെ പരിധി 80 ൽ നിന്ന് 40 ശതമാനമായും കുറച്ചു.

RNU TVPM

*************************

## കേരള മാരിടൈം ബോർഡ് ഭേദഗതി ബിൽ

കേരള മാരിടൈം ബോർഡ് ഭേദഗതി ബിൽ സഭയിൽ അവതരിപ്പിച്ചു. കേരളത്തെ തുറമുഖ നഗരമായി മാറ്റുന്നതിനുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും ബില്ലിൽ ഉണ്ടെന്ന് ബിൽ അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. ചർച്ചകൾക്കുശേഷം ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു. നികുതി അടയ്ക്കാതെ ഓടുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിനായി എല്ലാ താലൂക്കുകളിലും പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങുന്നത് ഉൾപ്പെടുത്തിയുള്ള 2026ലെ കേരള മോട്ടോർ വാഹന നികുതി ഭേദഗതി ബിൽ ഗതാഗത മന്ത്രി സി.പി ജോൺ സഭയിൽ അവതരിപ്പിച്ചു.

************************

## പ്രതിപക്ഷ വാക്കൗട്ട് (ഇൻട്രോ)

നിയമസഭയിൽ തുടർച്ചയായ മൂന്നാം ദിവസവും പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്............**

(വോയ്സ്...)

************************

## മന്ത്രി അബ്ദുൾ ഗഫൂർ

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി നിലവിലെ ഭവനപദ്ധതികൾ ഏകോപിപ്പിച്ച് സമഗ്രമായ പ്രത്യേക ഭവനപദ്ധതി നടപ്പാക്കുമെന്ന് ഫിഷറീസ് മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ. ധനസഹായം വർധിപ്പിക്കുന്ന കാര്യവും പരിഗണനയിലാണെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു.

RIJU TVPM

************************

## വോട്ടർപട്ടിക - പ്രത്യേക യജ്ഞം

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി സംസ്ഥാനത്ത് നാളെ മുതൽ ഈ മാസം 31 വരെ പ്രത്യേക യജ്ഞം നടത്തും. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിക്കും.

************************

## ചെറുവയൽ രാമൻ അന്തരിച്ചു

വയനാട്ടിലെ പരമ്പരാഗത കർഷകൻ ചെറുവയൽ രാമൻ അന്തരിച്ചു. 74 വയസ്സായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിലായിരുന്നു അന്ത്യം. ഇന്ന് രാത്രിയോടെ ദൗതീക ശരീരം വീട്ടിലെത്തിക്കും. നാളെ രാവിലെ 9 മുതൽ 12 വരെ കമ്മന നവോദയ എൽ പി സ്കൂളിൽ ഭൗതികശരീരം പൊതുദർശനത്തിന് വെക്കും. രണ്ട് മണിയോടെ സംസ്കാര ചടങ്ങുകൾ ആരംഭിക്കും. അന്യംനിന്നുപോകുമായിരുന്ന അമ്പതിലധികം നാടൻ നെൽവിത്തിനങ്ങളെ സ്വന്തം കൃഷിയിടത്തിൽ സംരക്ഷിച്ചു പോന്നിരുന്ന അദ്ദേഹത്തെ കേരളത്തിന്റെ 'ജീവിക്കുന്ന നെൽവിത്ത് ബാങ്ക് എന്നാണ് വിശേഷിപ്പിച്ചിരുന്നത്. കാർഷിക രംഗത്തെ നിസ്വാർത്ഥ സേവനങ്ങളെ മാനിച്ച് 2023-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. കേരള സർക്കാരിന്റെ കാർഷികമേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള പ്രഥമ ഉമ്മൻചാണ്ടി പുരസ്കാരത്തിനും അർഹനായിട്ടുണ്ട്. ചെറുവയൽ രാമൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ അനുശോചനം രേഖപ്പെടുത്തി.

*************************

## ഉപരാഷ്ട്രപതി-കേരള സന്ദർശനം

RNU TVPM

നവരാത്രിയോടനുബന്ധിച്ച് കോഴിക്കോട് നടക്കുന്ന നവരാത്രി സർഗ്ഗോത്സവം, സാംസ്കാരിക സമ്മേളനം മറ്റെന്നാൾ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചിത്രകലാ രംഗത്തെ സമഗ്ര സംഭാവനകൾ മുൻനിർത്തി സർഗ്ഗോത്സവസമിതി ഏർപ്പെടുത്തിയ പ്രഥമ സർഗ്ഗ കേസരി പുരസ്കാരം ആർടിസ്റ്റ് പി.ആർ.രാജേന്ദ്രന് ഉപരാഷ്ട്രപതി സമ്മാനിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ചടങ്ങിൽ സംബന്ധിക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് മറ്റെന്നാൾ വൈകിട്ട് 4 മുതൽ കോഴിക്കോട് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. നാളെ വൈകുന്നേരം ഗതാഗത നിയന്ത്രണത്തിന്റെ റിഹേഴ്സൽ നടക്കും.

************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

************************

## സേവാ സങ്കൽപ്

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. രാജ്യത്ത് നൂതനാശയങ്ങളുടെയും സംരംഭകത്വത്തിൻറെയും സംസ്കാരം വളർത്തുന്നതിന്, 2016-ൽ നീതി ആയോഗ് ആരംഭിച്ച അടൽ ഇന്നോവേഷൻ മിഷനെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' പ്രത്യേക പരമ്പരയിൽ ഇന്ന്. കുട്ടികളിൽ ശാസ്ത്രബോധവും,സർഗ്ഗാത്മകതയും, വളർത്തിയെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് അടൽ ഇന്നോവേഷൻ മിഷൻ. നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുകയും, സംരംഭകത്വ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയുമാണ് ലക്ഷ്യം.

RNUTVPM

************************

## വൈദ്യുതി കണക്ഷൻ

വൈദ്യുതി കണക്ഷന്റെ നിരക്കുകളിൽ 90 ശതമാനം വരെ കുറവ് വരുത്തിക്കൊണ്ട് പെർ കെവിഎ നിരക്കുകൾ പ്രകാരമുള്ള പുതിയ കോസ്റ്റ് ഡേറ്റ നിലവിൽ വന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ സെപ്റ്റംബറിലെ ഉത്തരവ് പ്രകാരമാണ് കെ എസ് ഇ ബി ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. ഈ മാസം 12 മുതൽ

പണമടയ്ക്കുന്നവർക്ക് പുതിയനിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

*************************

## സുനിൽ ടീച്ചർ - ഇൻട്രോ

ശബരിമല പൂങ്കാവനത്തിലെ നിർദ്ധനരായ 20 കുടുംബങ്ങൾക്ക് സ്വന്തം വീടെന്ന സ്വപ്നം യാഥാർഥ്യമാക്കി നൽകുകയാണ് സാമൂഹ്യപ്രവർത്തകയും കേന്ദ്ര നാരീശക്തി പുരസ്കാര ജേതാവുമായ സുനിൽ ടീച്ചർ. **പത്തനംതിട്ടയിൽ നിന്ന് ആകാശവാണി പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട് ......**

**(വോയ്സ്)**

RNU TVPM

*************************

## മഴ സംസ്ഥാനം

സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തിപ്രാപിക്കും. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവും നൽകിയിട്ടുണ്ട്. മറ്റന്നാൾ എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

*************************

## തൂവൽ വെള്ളച്ചാട്ടം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല തൂവൽ വെള്ളച്ചാട്ടത്തിൽ സഞ്ചാരികൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. സഞ്ചാരികൾ മുങ്ങിമരിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിലാണ് ജില്ലാ കളക്ടർ നിയന്ത്രണം ഏർപ്പെടുത്തിയത്. വെള്ളച്ചാട്ടത്തിൽ സുരക്ഷാ സംവിധാനങ്ങൾ പര്യാപ്തമല്ലാത്തതിനാൽ പൊതുജനങ്ങളുടെ പ്രവേശനം

പൂർണമായും നിരോധിക്കണമെന്ന ഉടുമ്പൻചോല തഹസിൽദാരുടെ റിപ്പോർട്ട് കണക്കിലെടുത്താണ് നടപടി.

*************************

## ട്വൻറി 20 ക്രിക്കറ്റ്

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ട്വൻറി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിങ് തിരഞ്ഞെടുത്തു. ഹൈദരാബാദിലാണ് മത്സരം. പരമ്പരയിൽ ഇന്ത്യ 2-1ന് മുന്നിലാണ്. അവസാന മത്സരം ഈ മാസം 17ന് നടക്കും.

*************************

## ഹിന്ദി ആഘോഷങ്ങൾ

ഒരു മാസം നീണ്ടുനിന്ന ഹിന്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം തിരുവനന്തപുരം ആകാശവാണി നിലയത്തിൽ നടന്നു. എൻ.സി.സി കേരള - ലക്ഷദ്വീപ് ഡയറക്ടറേറ്റ് റിട്ട.ഡയറക്ടർ കേണൽ പി ടി രാജീവ് സമ്മേളനം ഉദ്ഘാടനം ചെയ്യു. വിവിധ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാന വിതരണവും അദ്ദേഹം നിർവ്വഹിച്ചു. ആകാശവാണി തിരുവനന്തപുരം നിലയം മേധാവിയും ഡെപ്യൂട്ടി ഡയറക്ടറുമായ ഡോ.എ.ജി ബൈജു അധ്യക്ഷത വഹിച്ച ചടങ്ങിൽ വാർത്താ വിഭാഗം മേധാവി ലെമി ജി നായർ, പ്രോഗ്രാം മേധാവി പി എ ബിജു തുടങ്ങിയവർ സന്നിഹിതരായിരുന്നു.

RNUTVPM

*************************

## നെടുമ്പാശ്ശേരി വാഹനാപകടം

നെടുമ്പാശേരിയിൽ കാർ ഇടിച്ച് മൂന്ന് പേർ കൊല്ലപ്പെട്ട കേസിലെ പ്രതി സുഹൈൽ സജീവ് , കാറിൽ കൂടെയുണ്ടായിരുന്ന നിനവ് , ജോയൽ, അമീൻ എന്നിവരെ നെടുമ്പാശ്ശേരി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നാളെ വൈകിട്ട് വരെ പോലീസ് കസ്റ്റഡിയിൽ

വിട്ടു. കേസിൽ എറണാകുളം റൂറൽ എസ്പിയുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

*************************

## നവരാത്രി ആഘോഷം

സംസ്ഥാനത്ത് നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ക്ഷേത്രങ്ങളിൽ വൻ ഭക്തജന തിരക്ക്. തിരുവനന്തപുരം പദ്മനാഭപുരത്ത് നിന്ന് എഴുന്നള്ളിച്ച സരസ്വതീ വിഗ്രഹം പദ്മതീർഥക്കുളത്തിനരികെയുള്ള നവരാത്രി മണ്ഡപത്തിലും കുമാര സ്വാമിയെ ആര്യശാല ഭഗവതി ക്ഷേത്രത്തിലും മുന്നൂറ്റി നങ്കയെ ചെന്തിട്ട ദേവീ ക്ഷേത്രത്തിലുമാണ് കുടിയിരുത്തിയിരിക്കുന്നത്.

*************************

## ശബരിമല - അരവണ

ശബരിമലയിൽ അരവണ നിർമ്മാണം ആരംഭിച്ചു. അരവണ നിർമ്മാണ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ ഒരു മാസക്കാലമായി നിർമ്മാണ പ്രവർത്തികൾ നടത്തിവരികയായിരുന്നു. ഇന്ന് രാവിലെ മുതലാണ് അരവണ നിർമ്മാണം ആരംഭിച്ചത്.

RNU TVPM

*****************************************************************************